ഒന്നാം പഞ്ചവത്സരപദ്ധതി.

*117. [25] ശ്രീ. വി. എൻ. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി, സദയം മറുപടി പറയുമോ :

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയുടെ സമാപനവർഷമായ ഈ വർഷാവസാനത്തോടെ പദ്ധതിയിലെ ടാർജറ്റുകൾ നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം നേടിയെടുക്കപ്പെട്ടുമോ ;

(ബി) ഇല്ലെങ്കിൽ ടാർജറ്റുകൾ കൈവരിക്കാൻ കഴിയാത്ത വസ്തുതകൾ എന്തൊക്കെയാണ് ?

മുഖ്യമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ടാർജറ്റുകൾ നേടിയെടുക്കുമെന്നാണ് ഉദ്ദേശിക്കുന്നത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

റോഡുപണി.

*118. [26] ശ്രീ. എ. സി. ജോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ

(എ) ഇടുക്കിപദ്ധതിയുടെ Investigation തുടങ്ങുന്നതിലേയ്ക്ക് ഒരു ജീപ്പുറോഡ് വെട്ടുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നതോ ;

(ബി) അതിന്റെ പണി എന്നു തുടങ്ങുമെന്നു പറയുവാൻ കഴിയുന്നുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഉണ്ട്.

(ബി) പണി തുടങ്ങിക്കഴിഞ്ഞു.

കേന്ദ്രസംസ്ഥാനം.

*119. [27] ശ്രീ. പി. ടി. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്സ്. ആർ. സി. നിർദ്ദേശിച്ച നിലയിലുള്ള കേരളസംസ്ഥാനത്തിനു ഭിന്നമായ നിലയിൽ ഈ ഗവണ്മെന്റ് കേന്ദ്രസംസ്ഥാനം എന്ന വല്ല നിവേദനവും കേന്ദ്രമന്ത്രിസഭ മുമ്പാകെ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സംസ്ഥാനത്തെ ജനഹിതം ആരായുകൊണ്ടായിരുന്നോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ & ബി) എസ്സ്. ആർ. സി. നിർദ്ദേശിച്ച നിലയിലുള്ള കേരളസംസ്ഥാനത്തിനു ഭിന്നമായ നിലയിൽ ഈ ഗവണ്മെന്റ് പ്രത്യേക നിവേദനം ഒന്നും നടത്തിയിട്ടില്ല. എന്നാൽ അനൗപചാരികമായ ഒരു ആലോചനാവേളയിൽ മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പു മന്ത്രിയും പങ്കെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 1